**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5773** **25-03-2025 - ൽ മറുപടിയ്ക്ക്**

**കോതമംഗലം മണ്ഡലത്തിലെ പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്തും പിണവൂർകുടിയിലും കിഫ്‌ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കോതമംഗലം നിയോജകമണ്ഡലത്തിൽ കിഫ്‌ബി മുഖേന നടപ്പിലാക്കുവാനായി ഉദ്ദേശിക്കുന്ന പദ്ധതിയായ പിണവൂർക്കുടി പ്രീമെട്രിക് ഹോസ്റ്റൽ ന് 20.09.2019-ന് 3.92 കോടി രൂപയുടെ ധനാനുമതി അനുവദിച്ചു. ടി പ്രവൃത്തി ടെൻഡർ ചെയ്തുവെങ്കിലും വനംവകുപ്പിന്റെ അനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ നിർമ്മാണം തുടങ്ങുവാൻ സാധിച്ചില്ല. വനം വകുപ്പിന്റെ അനുമതി ലഭിച്ച ശേഷം 23.01.2023-ൽ 4.10 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി. seismic effect കൂടി പരിഗണിച്ച് എസ്റ്റിമേറ്റ് പുതുക്കുവാൻ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപറേഷനെ നിർദേശിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തുക 4.75 കോടി രൂപ ആയി എസ്റ്റിമേറ്റ് പുതുക്കിയിരുന്നു. പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുന്നതിന്റെ ഭാഗമായി പദ്ധതി നിർവ്വഹണ ഏജൻസി കിഫ്‌ബിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും, ഇലക്ട്രിക്കൽ എസ്റ്റിമേറ്റിൽ ചില ഭേദഗതികൾ കൂടി വരുത്തേണ്ടതിനാലും ഫയർ ഫൈറ്റിങ് ഉൾപ്പെടുത്തേണ്ടതിനാലും ഫയൽ തിരികെ പദ്ധതി നിർവ്വഹണ ഏജൻസിക്കു നൽകിയിട്ടുണ്ട്. ഫയർ NOC ലഭിക്കുന്ന മുറയ്ക്ക് ഫയൽ പുനർസമർപ്പിക്കുന്നതാണ് എന്ന് പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. ഫയൽ പുനർസമർപ്പിക്കുന്ന മുറക്ക് ആയത് പരിശോധിച്ച് കിഫ്‌ബിയ്ക്ക് ധനാനുമതി നൽകാവുന്നതാണ്.<br><br>കോതമംഗലം നിയോജകമണ്ഡലത്തിൽ കിഫ്‌ബി മുഖേന നടപ്പിലാക്കുവാനായി ഉദ്ദേശിക്കുന്ന പദ്ധതിയായ നേര്യമംഗലം പോസ്റ്റ്മെട്രിക് ഹോസ്റ്റലിന് 17.01.2018-ന 5 കോടി രൂപയുടെ ധനാനുമതി അനുവദിച്ചു. ടി പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാർ വച്ചിരുന്നുവെങ്കിലും |

| | | | |
|---|---|---|---|
| | | | പ്രസ്തുത സൈറ്റ് കളിസ്ഥലമായി ഉപയോഗിക്കുന്നതു കാരണം പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞില്ല. തുടർന്ന് ടി പ്രവൃത്തി അവസാനിപ്പിക്കുകയും കരാറുകാരനെ ഒഴിവാക്കുകയും ചെയ്തു. തുടർന്ന് ടി പ്രവൃത്തിക്കായി പുതിയ സ്ഥലം കണ്ടെത്തുകയും, സ്ഥലത്തു സർവ്വേ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. സർവ്വേ നടപടികൾ പൂർത്തികരിച്ച് പുതുക്കിയ DPR തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക്, ആയത് പരിശോധിച്ച് ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | സാങ്കേതിക തടസ്സങ്ങൾ നീക്കി പദ്ധതി വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | കോതമംഗലം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുവാനായി ഉദ്ദേശിക്കുന്ന പദ്ധതിയായ പിണവൂർക്കുടി പ്രീമെട്രിക് ഹോസ്റ്റൽ ന് 20.09.2019-നു 3.92 കോടി രൂപയുടെ ധനാനുമതി അനുവദിച്ചു. ടി പ്രവൃത്തി ടെൻഡർ ചെയ്തുവെങ്കിലും വനംവകുപ്പിന്റെ അനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ നിർമ്മാണം തുടങ്ങുവാൻ സാധിച്ചില്ല. വനം വകുപ്പിന്റെ അനുമതി ലഭിച്ച ശേഷം 23.01.2023-ൽ 4.10 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി. seismic effect കൂടി പരിഗണിച്ച് എസ്റ്റിമേറ്റ് പുതുക്കുവാൻ പദ്ധതി നിർവ്വഹണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപറേഷനെ നിർദേശിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തുക 4.75 കോടി രൂപ ആയി എസ്റ്റിമേറ്റ് പുതുക്കിയിരുന്നു. പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുന്നതിന്റെ ഭാഗമായി പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും, ഇലക്ട്രിക്കൽ എസ്റ്റിമേറ്റിൽ ചില ഭേദഗതികൾ കൂടി വരുത്തേണ്ടതിനാലും ഫയർ ഫൈറ്റിങ് ഉൾപ്പെടുത്തേണ്ടതിനാലും ഫയൽ തിരികെ പദ്ധതി നിർവ്വഹണ ഏജൻസിക്കു നൽകിയിട്ടുണ്ട്. ഫയർ NOC ലഭിക്കുന്ന മുറയ്ക്ക് ഫയൽ പുനർസമർപ്പിക്കുന്നതാണ് എന്ന് പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. ഫയൽ പുനർസമർപ്പിക്കുന്ന മുറക്ക് ആയത് പരിശോധിച്ച് കിഫ്ബിയ്ക്ക് ധനാനുമതി നൽകാവുന്നതാണ്.<br><br>കോതമംഗലം നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുവാനായി ഉദ്ദേശിക്കുന്ന പദ്ധതിയായ നേര്യമംഗലം പോസ്റ്റ്മെട്രിക് ഹോസ്റ്റലിന് 17.01.2018-നു 5 കോടി രൂപയുടെ ധനാനുമതി അനുവദിച്ചു. ടി പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാർ വച്ചിരുന്നുവെങ്കിലും പ്രസ്തുത സൈറ്റ് കളിസ്ഥലമായി ഉപയോഗിക്കുന്നതു |

| | | | |
|---|---|---|---|
| | | | കാരണം പ്രവൃത്തി ആരംഭിക്കുവാൻ കഴിഞ്ഞില്ല. തുടർന്ന് ടി പ്രവൃത്തി അവസാനിപ്പിക്കുകയും കരാറുകാരനെ ഒഴിവാക്കുകയും ചെയ്തു. തുടർന്ന് ടി പ്രവൃത്തിക്കായി പുതിയ സ്ഥലം കണ്ടെത്തുകയും, സ്ഥലത്തു സർവ്വേ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. സർവ്വേ നടപടികൾ പൂർത്തികരിച്ചു പുതുക്കിയ DPR തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക്, ആയത് പരിശോധിച്ചു ധനാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ